M 8830

Reg. No.: ..............................

Name : ..................................

## II Semester B.Com./B.B.A./ B.B.A.T.T.M./B.B.A. R.T.M./B.T.T.M./B.B.M. Degree Examination, May 2015
## (CCSS – 2014 Admn. – Regular)
## COMMON COURSE IN MALAYALAM
## 2 A 08 1 MAL : ഗദ്യമാതൃകകൾ

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1) ''അപ്പോൾ ചിത്തവൃത്തിനിരോധം ചെയ്ത യോഗികളെപ്പോലും ചില ചിത്തവൃത്തികൾ കണ്ടാലറിയാത്ത രൂപാന്തരങ്ങളിലൂടെ ദുർമ്മാർഗ്ഗത്തിലേക്ക് വലിച്ചിഴക്കു''മെന്ന് മാരാർ സ്ഥാപിക്കുന്നതെങ്ങനെ ? വിശദീകരിക്കുക.

2) 'പൂവൻപഴം' എന്ന കഥയുടെ ആഖ്യാനപരമായ പ്രത്യേകതകൾ വിശദമാക്കുക.

3) 'തെയ്യ'ത്തിന് കോലത്തുനാട്ടിലുള്ള പ്രാധാന്യം വിലയിരുത്തുക.

4) മലയാളഭാഷയിൽ ഇംഗ്ലീഷിന്റെ സ്വാധീനം കേവലം ഉപരിതലസ്പർശിയല്ലെന്ന് ലേഖിക സമർത്ഥിക്കുന്നതെങ്ങനെ ? വിശദമാക്കുക. **(2×7=14)**

II. **നൂറമ്പതു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക.

5) ''അവൾ പണ്ഡിത പാമരന്മാരെ ഒരുപോലെ മയക്കിയതിൽ എന്താണാശ്ചര്യം'' – ആര് ? എപ്രകാരമാണ് മയക്കിയത് ?

6) 'മകൻ' എന്ന കഥയിലൂടെ സമകാലസമൂഹത്തിന്റെ യാന്ത്രികസ്വഭാവം അവതരിപ്പിക്കുന്നതിൽ പത്മനാഭൻ എത്രത്തോളം ശ്രദ്ധിച്ചിട്ടുണ്ടെന്ന് പരിശോധിക്കുക.

7) ''രാജൻ ചിരിച്ചുകൊണ്ടു പറഞ്ഞു : 'ശെരിയാ.... അമ്മ അസ്സല് നെയ്പ്പായസമാ ഉണ്ടാക്ക്യേത് ...' '' സന്ദർഭവും ആശയവും വിശദീകരിക്കുക.

8) കാളയും മനുഷ്യനുമായുള്ള ആത്മബന്ധത്തിന്റെ കഥകൾ 'ശബ്ദിക്കുന്ന കലപ്പ'യുടെ പശ്ചാത്തലത്തിൽ വിശകലനം ചെയ്യുക.

9) മലയാളത്തിലെ ചമ്പുക്കളെക്കുറിച്ച് കുറിപ്പെഴുതുക.

10) ''ഇംഗ്ലീഷിന്റെ സ്വാധീനം ശക്തമാകുന്നതിനു പ്രധാന കാരണം ബഹുജന മാദ്ധ്യമങ്ങളും പത്രങ്ങളുമാണെന്ന് '' പറയാനുള്ള കാരണമെന്ത് ? **(4×3=12)**

P.T.O.

III. **നൂറു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക.

11) വിദ്യാഭ്യാസരംഗത്തുണ്ടായ ഇംഗ്ലീഷിന്റെ സ്വാധീനത്തെക്കുറിച്ച് കുറിപ്പെഴുതുക.

12) ''ബാലനെ ഡോക്ടറാക്കണം. അവന്റെ നെറ്റി കണ്ട്വോ ? അത്ര വല്യ നെറ്റി ബുദ്ധീടെ ലക്ഷണമാ'' – സന്ദർഭമെഴുതുക.

13) 'ദേവേന്ദ്രനും ബാലിയും രാവണനും, കൃഷ്ണനും, ബലഭദ്രനും ഭീമസേനനും ഒക്കെ ജീവിച്ചിരുന്ന മലയാളികളാണെന്ന് 'തോന്നുന്നതെപ്പോൾ ? വിശദീകരിക്കുക.

14) 'പൂവൻപഴം' എന്ന കഥയിലെ അന്തർജ്ജനത്തിന്റെ സ്വഭാവം എഴുതുക.

15) 'അങ്ങിനെ അംബ, ഭൂമിയിൽ മറ്റൊരു സ്ത്രീക്കും നേരിട്ടിട്ടില്ലാത്ത കൊടിയൊരു വിഷമാവസ്ഥയിൽ പെട്ടു.' – എപ്പോൾ ? സന്ദർഭമെഴുതുക.

16) മലയാളഭാഷയുടെ ഉല്പത്തിയെക്കുറിച്ചുള്ള ശ്രീധരമേനോന്റെ അഭിപ്രായമെന്ത് ?

**(4×2=8)**

IV. **ഒറ്റ** വാക്കിലോ വാക്യത്തിലോ ഏതെങ്കിലും **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

17) 'കേരളകാളിദാസൻ' എന്നറിയപ്പെടുന്നതാരെ ?

18) 'ധർമ്മരാജ' എന്ന നോവൽ എഴുതിയതാര് ?

19) 'പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി' എന്ന കഥയെഴുതിയതാര് ?

20) 'ആ മോഹിനി' എന്ന പാഠഭാഗം ഏത് കൃതിയിൽ നിന്നെടുത്തതാണ് ?

21) മാരാർ മഹാഭാരതത്തെ ആസ്പദമാക്കി രചിച്ച കൃതിയേത് ?

22) വള്ളത്തോൾ തന്റെ ബാധിര്യത്തെ ആസ്പദമാക്കി എഴുതിയ കാവ്യമേത് ?

23) ''നീ ധർമ്മമാണ് പറഞ്ഞത്. എന്നാൽ, ഇതിൽ സാല്വനല്ല ഭീഷ്മരാണ് അപരാധി എന്നെനിക്ക് തോന്നുന്നു.'' – എന്ന് പറയുന്നതാര് ?

24) ''അത് വിശ്വത്തിന്റെ ഒരു നേർപ്പകർപ്പാണ് '' എന്ന് സഞ്ജയൻ വിശേഷിപ്പിക്കുന്നതെന്തിനെ ?

**(6×1=6)**

---